പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6328

08.07.2014-ൽ മറുപടിക്ക്.

## റാന്നി കേന്ദ്രമാക്കി പോലീസ് സബ് ഡിവിഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര പോലീസ് സബ് ഡിവിഷനുകൾ നിലവിലുണ്ട്; ഒരു സബ് ഡിവിഷനു കീഴിൽ ശരാശരി എത്ര പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടും; | :(എ) നിലവിൽ സംസ്ഥാനത്ത് 55 പോലീസ് സബ്-ഡിവിഷനുകളാണ് ഉള്ളത്. ഒരു സബ്-ഡിവിഷനു കീഴിൽ ശരാശരി 8 പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടും. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ സബ് ഡിവിഷനുകൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; | : (ബി) ഉണ്ട്. നാദാപുരം, ചങ്ങനാശ്ശേരി എന്നീ രണ്ട് സബ് ഡിവിഷനുകൾ. |
| (സി) പത്തനംതിട്ട ജില്ലയിൽ എത്ര പോലീസ് സബ് ഡിവിഷനുകൾ ഉണ്ട്; ഓരോ സബ് ഡിവിഷനു കീഴിലും വരുന്ന പോലീസ് സ്റ്റേഷനുകൾ ഏതൊക്കെ; | : (സി) 3 സബ്- ഡിവിഷനുകൾ നിലവിലുണ്ട്. |

1. പത്തനംതിട്ട സബ്- ഡിവിഷൻ
   - പത്തനംതിട്ട പോലീസ് സ്റ്റേഷൻ
   - ആറന്മുള പോലീസ് സ്റ്റേഷൻ
   - കോയിപ്രം പോലീസ് സ്റ്റേഷൻ
   - ചിറ്റാർ പോലീസ് സ്റ്റേഷൻ
   - മൂഴിയാർ പോലീസ് സ്റ്റേഷൻ
   - പമ്പ പോലീസ് സ്റ്റേഷൻ
2. അടൂർ സബ്- ഡിവിഷൻ
   - അടൂർ പോലീസ് സ്റ്റേഷൻ
   - ഏനാത്ത് പോലീസ് സ്റ്റേഷൻ
   - പന്തളം പോലീസ് സ്റ്റേഷൻ
   - കൊടുമൺ പോലീസ് സ്റ്റേഷൻ
   - കോന്നി പോലീസ് സ്റ്റേഷൻ
   - കൂടൽ പോലീസ് സ്റ്റേഷൻ
   - തണ്ണിത്തോട് പോലീസ് സ്റ്റേഷൻ

3. തിരുവല്ല സബ് - ഡിവിഷൻ
   - തിരുവല്ല പോലീസ് സ്റ്റേഷൻ
   - പുളിക്കീഴ് പോലീസ് സ്റ്റേഷൻ
   - കീഴ്‌വായ്പൂർ പോലീസ് സ്റ്റേഷൻ
   - റാന്നി പോലീസ് സ്റ്റേഷൻ
   - പെരുമ്പട്ടി പോലീസ് സ്റ്റേഷൻ
   - വെച്ചൂച്ചിറ പോലീസ് സ്റ്റേഷൻ
   - പെരുനാട് പോലീസ് സ്റ്റേഷൻ

(ഡി) ഗവി, പമ്പാവാലി, കിഡുമം, ചാത്തൻതറ, നാറാണംതോട് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് സബ് ഡിവിഷണൽ പോലീസ് ആസ്ഥാനത്തെത്താൻ റാന്നിവഴി വളരെയധികം ദൂരം യാത്ര ചെയ്യേണ്ടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടുത്തിക്കൊണ്ടും നിലവിലെ പത്തനംതിട്ട ജില്ലയിലെ സബ് ഡിവിഷനുകൾ പുന:ക്രമീകരിച്ചുകൊണ്ടും റാന്നി കേന്ദ്രമാക്കി പുതിയ പോലീസ് സബ് ഡിവിഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

: (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റാന്നി കേന്ദ്രമായി ഒരു പോലീസ് സബ്- ഡിവിഷൻ ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ